**694**

എനിക്കായ് കരുതും നല്ലിടയൻ (2) നന്മകൾ തന്നെന്നെ
നീതിയിൻ പാതയിൽ എന്നെന്നും വഴി നടത്തും
എനിക്കായ് കരുതും നല്ലിടയൻ

1 കഷ്ടങ്ങൾ വന്നിടുമ്പോൾ ഭാരങ്ങളേറിടുമ്പോൾ
കഷ്ടങ്ങളേറ്റവൻ ഭാരം ചുമന്നവൻ ആശ്വാസം നൽകിടുന്നു (2)

2 ഉറ്റവർ മാറിടുമ്പോൾ ഏറ്റം കലങ്ങിടുമ്പോൾ
ഉറ്റസഖിയവൻ മാറ്റമില്ലാത്തവൻ എന്നെന്നും കൂട്ടിനുണ്ട് (2)

3 ആവശ്യഭാരങ്ങളാൽ ഞാനാകെ നീറിടുമ്പോൾ
ചെങ്കടലിനുള്ളിൽ പാതവിരിച്ചവൻ അത്ഭുതമായ് നടത്തും (2)
**K.V.H**